LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കന്ററി തലത്തിലെ വിജയശതമാനം

110 (4392) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യായന വർഷം ഹയർ സെക്കന്ററി തലത്തിൽ എത്ര കുട്ടികളാണ് വിജയിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് സർക്കാർ, എയിഡഡ്, അൺ എയിഡഡ് മേഖലകളിലായി ഇപ്പോൾ എത്ര ഹയർ സെക്കന്ററി സീറ്റുകളാണ് നിലവിലുള്ളത് :

(സി) ഈ വർഷം വിജയിച്ച കുട്ടികളിൽ എത്ര ശതമാനം കുട്ടികൾക്കാണ് തുടർ വിദ്യാഭ്യാസത്തിന് സാദ്ധ്യമാകാതെ വരുന്നത് ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 2002-2003 അദ്ധ്യയന വർഷത്തിലെ ഹയർ സെക്കണ്ടറി പരീക്ഷയിൽ 1,62,165 കുട്ടികൾ വിജയിച്ചു.

(ബി) സർക്കാർ മേഖലയിൽ 65400 സീറ്റുകളും എയിഡഡ് മേഖലയിൽ 1,08,900 സീറ്റുകളും അൺ-എയിഡഡ് മേഖലയിൽ 33,350 സീറ്റുകളും ഉൾപ്പെടെ 2,07,650 സീറ്റുകളാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ളത്. കൂടാതെ ഈ വർഷം 25 ശതമാനം സീറ്റു വർദ്ധനവും അനുവദിച്ചിട്ടുള്ള സ്ഥിതിക്ക് സീറ്റുകളുടെ എണ്ണം 2,59,652 ആയി വർദ്ധിച്ചിരിക്കുകയാണ്.

(സി & ഡി) വിജയിച്ച കുട്ടികൾക്കെല്ലാം തുടർ വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ

111 (4393) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ എയ്ഡഡ് മേഖലകളിൽ പുതിയ വോക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി എത്ര കോടി രൂപ ധനസഹായം ലഭിക്കുമെന്നറിയിക്കാമോ ;

(സി) ഇപ്പോൾ നിലവിലുള്ള വി.എച്ച്.എസ്.സി.യിലെ കാലഹരണപ്പെട്ട കോഴ്സുകൾ മാറ്റി പുതിയ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരുമാനമായിട്ടില്ല.

(സി) ഉണ്ട്.

ഹയർ സെക്കന്ററി അധ്യാപക നിയമനത്തിനുള്ള പ്രായപരിധി ഉയർത്തുന്നതിന് നടപടി

112(4394) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു, വി. എച്ച്. എസ്. സി. തുടങ്ങിയ മേഖലകളിലെ അധ്യാപക നിയമനത്തിന് പ്രായപരിധി ഉയർത്തിയിട്ടുണ്ടോ :

(ബി) എങ്കിൽ ഇപ്പോഴത്തെ ഉയർന്ന പ്രായപരിധി എത്രയാണ് ?

ഉത്തരം

(എ) ഇല്ല.

(ബി) ഹയർ സെക്കണ്ടറി അധ്യാപക നിയമനത്തിനായുള്ള അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി 1-ന് 39 വയസ് കഴിയാൻ പാടില്ല എന്ന് ഇത് സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃതമായ വയസ്സിളവ് അനുവദിക്കുന്നതാണ്.

പ്ലസ് ടു കോഴ്സ് ഗവൺമെന്റ് സ്കൂളുകളിൽ അനുവദിക്കുമ്പോൾ അവിടുത്തെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടി

113 (4395) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുമ്പോൾ ഗവൺമെന്റ് ഹൈസ്ക്കൂളുകളിലാണോ അതോ അൺ എയിഡഡ് മേഖലയിലാണോ ഇവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്ലസ് ടു കോഴ്സ് ഗവൺമെന്റ് സ്കൂളുകളിൽ അനുവദിക്കുമ്പോൾ അവിടത്തെ ഭൗതിക സഹാചര്യം മെച്ചപ്പെടുത്താൻ ഏതെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly